''ആരാണ് ടീബി?'

ഈ ചോദ്യം പലരൂപത്തിൽ
വിവിധ സന്ദർഭങ്ങളിൽ നമ്മളൊന്നാകെ നേരിട്ടിട്ടുണ്ട്.

ഇതാ ഒരുത്തരം.

ഈയാഴ്ചയിലെ ദളം ഇതൾ വിടരുന്നു.

കൊറോണാക്കാലത്തെ സെൽഫ് ഇന്ട്രോകളുടെ
മലവെള്ളപ്പാച്ചിലിനിടയിൽ ഒരിന്ട്രോ കണ്ടത് കൗതുകം
ജനിപ്പിച്ചിരുന്നേവരുടേയും! ''ഊരുതെണ്ടിയുടെ
ഓട്ടക്കീശയിൽ ഉള്ളതെല്ലാം വാരിപ്പെറുക്കി
ഒരു വീശു വീശി''യതാണെന്ന് സധൈര്യം പറഞ്ഞു വച്ച ടീബിയുടെ
ഉള്ളറിഞ്ഞ് നെഞ്ചേറ്റിയ ദളം

254

ധനേഷ്.എൻ
(ധനേഷ് നെച്ചുള്ളി)
കനറാ ബാങ്ക്
കഞ്ചിക്കോട് ബ്രാഞ്ച്
പാലക്കാട്

നാല്പതുകളുടെ ഉത്താർദ്ധത്തിലൂടെ കടന്നു പോകുന്ന ജീവിതസരണി
ആനന്ദദായകവും സുന്ദരസുരഭിലവുമായതിന് വായുസേനയോട്
താൻ കടപ്പെട്ടിരിക്കുന്നു എന്നാണ് യുവതയുടെ ഹരമായ 'ഉള്ളിയേട്ട'ന്റെ
സാക്ഷ്യം.

പാലക്കാട് ജില്ലയിലെ പുലാപ്പറ്റ ഗ്രാമത്തിൽ ശ്രീ നാരായണഗുപ്തൻ- ശ്രീമതി
കുഞ്ഞിലക്ഷ്മി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ.

കൃഷിയായിരുന്നു കുടുംബത്തിന്റെ വരുമാനമാർഗ്ഗം. നെൽക്കൃഷിയുടെ
ഏറ്റക്കുറച്ചിലനുഭവിച്ചു ധാരാളം.
സീസണൽ വരുമാനമായ കുരുമുളക്, കശുവണ്ടി, ഇടയ്ക്കിടക്ക് മുറിച്ചു
വില്ക്കുന്ന പാഴ്മരങ്ങൾ. വരുമാനസ്രോതസ്സിന്റെ ഞെരുക്കമറിഞ്ഞ്
വളർന്നവർ. അതുകൊണ്ടു തന്നെ പഠനത്തിൽ ശ്രദ്ധവച്ച് മുന്നേറി.

പുലാപ്പറ്റ വെസ്റ്റ് എ. എൽ.പി സ്ക്കൂൾ, സി.യു.പി സ്ക്കൂൾ, അത് കഴിഞ്ഞ്
വീടിന് ആറ് കിലോമീറ്ററകലെ വരെ നടന്നു പോയും വന്നുമുള്ള
ഹൈസ്ക്കൂൾ പഠനം കടമ്പഴിപ്പുറം ഹൈസ്ക്കൂളിലും. 1990-91
ൽ ഡിസ്റ്റിംഗ്ഷനോടെ പത്താംക്ലാസ് വിജയം. തുടർന്ന് പാലക്കാട്

പോളിടെക്നിക്കിൽ നിന്ന് ഇൻസ്ട്രമെന്റ് ടെക്നോളജിയിൽ ഡിപ്ലോമയും നേടി.

ജോലിസാധ്യതയുള്ള പഠനത്തിൽ ശ്രദ്ധയാർന്നപ്പോഴും വായനയുടെ ലോകം വഴികാട്ടിയായിരുന്നു.
ധനേഷ് തുടരുന്നു

പ്രൈമറിസ്ക്കൂൾ കാലത്ത് നാട്ടുകാരുടെ നാടകം സ്ക്കൂളിലരങ്ങേറിയപ്പോൾ കാലിന് ഏനക്കേടുള്ളൊരു കുട്ടിക്കഥാപാത്രത്തെ അഭിനയിച്ചു ഫലിപ്പിച്ചതാണ് സ്റ്റേജിലേറിയ ആദ്യഇനം. അച്ഛനും ജ്യേഷ്ഠനുമൊത്തുള്ള നാടകം. തിരുവാതിരക്കളിയുമായമ്മയും കൂടി നാട്ടാരുടെ കലോത്സവം കേമമാക്കിയതും, പാലക്കാട് പോളിയിൽ ആൺകുട്ടികളുടെ ഒപ്പനയിൽ പങ്കെടുത്തതും ആസ്വാദ്യമധുരമായ പഠനകാലത്തെ സ്റ്റേജനുഭവങ്ങൾ.

പോളിയിൽ ഫൈനൽ എക്സാം കഴിഞ്ഞ് റിസൽട്ട് കാത്തിരിക്കുന്ന സമയത്താണ് എയർഫോഴ്സിലേക്കുള്ള റിക്രൂട്ട്മെന്റ് പരസ്യം കാണുന്നത്. കൊച്ചിയിൽ പോയി പരീക്ഷ എഴുതി വിജയിച്ച് ഫിറ്റ്നെനസ് ടെസ്റ്റും കഴിഞ്ഞിറങ്ങുമ്പോൾ ഡിപ്ലോമയുടെ വിജയവും ഒപ്പമെത്തി.

നിയമനലെറ്റർ ഇതിനകം സസന്തോഷമേറ്റു വാങ്ങി 1995 ജനുവരി 17ന് താൻ എയർഫോഴ്സുകാരനായി മാറുകയായിരുന്നു.

പല സ്ഥലങ്ങളിലും പലരീതിയിലുള്ള ജോലികൾ ചെയ്യേണ്ടിയിരുന്ന എയർ ഡിഫൻസ് സിസ്റ്റം ഓപ്പറേറ്റർ എന്ന ട്രേഡിൽ ആയിരുന്നു സെലക്ഷൻ. ഗുജറാത്ത്, രാജസ്ഥാൻ, ജമ്മുകാശ്മീർ, കോയമ്പത്തൂർ (സുലൂർ), ഡെൽഹി എന്നിവിടങ്ങളിൽ ഇരുപതു വർഷ സേവനത്തിനുശേഷം 2015 ജനുവരിയിൽ വിരമിച്ചു.

ഡിഫൻസ് ഹൈഅലർട്ട് ആയിരുന്ന തൊണ്ണൂറുകളുടെയും പുതുനൂറ്റാണ്ടിന്റെ ആദ്യ ഒന്നര ദശാബ്ദക്കാലത്തെയും സേവനകാലം മുൻനിര ഓപ്പറേഷണൽ ഫീൽഡുകളിലായിരുന്നു

ഡിഫൻസ് കാലത്തെ ചടുലചാരുതചലന അനുഭവങ്ങളുടെ വെളിച്ചം തന്നെ നയിക്കുന്നു" - സംഭാഷണം തുടരുന്നു.

വിശ്രമവേളകളിൽ വിപുലമായ വായനയും സഹപ്രവർത്തകരോടൊത്തുള്ള കലാപ്രവർത്തനങ്ങളും കൂട്ടിനുണ്ടായി.

2004 ൽ ജമ്മുവിലായിരുന്നപ്പോഴായിരുന്നു, വിവാഹം. ജീവിതസഖിയായ ശ്രീമതി ഇന്ദിരക്ക് ജമ്മു യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡ് ചെയ്യുവാനും

ഈ അവസരം ഉപകരിച്ചു. പാലക്കാട് ഒരു എയഡഡ് സ്ക്കൂളിൽ ടീച്ചറായി 2010 മുതൽ, ജോലിയിൽ ചേർന്ന് അവർ നാട്ടിലെത്തി.

2015 ൽ എയർഫോഴ്സിൽ നിന്ന് വിരമിച്ചശേഷം നിരവധി IBPS പരീക്ഷകളും ഇൻഷുറൻസ് പരീക്ഷകളുമെഴുതി. റിസൽട്ട് കാത്തിരുന്ന വേളയിൽ തൃശൂരിൽ ഒരു പ്രൈവറ്റ് ജോലി (HVAC Training Institute സെന്ററർ ഹെഡ്)യും കരഗതമായി.

2016 ജൂലായ് മാസത്തിൽ സിണ്ടിക്കേറ്റ്
ബാങ്കിൽ ക്ലറിക്കൽ കേഡറിൽ നിയമനം ലഭിച്ചു ബാങ്കറായി. ഉദ്യോഗത്തിന്റെ
രണ്ടാം ഇന്നിംഗിസിലേക്ക് കടന്നു.
കണ്ണൂർ ചാലാട് ബ്രാഞ്ചിൽ ആദ്യനിയമനം. അഞ്ചുകൊല്ലം കണ്ണൂരിൽ വാസം കഴിഞ്ഞ് 2021 ഓഗസ്റ്റിൽ കഞ്ചിക്കോട് പാലക്കാട് ശാഖയിലേക്ക് ട്രാൻസ്ഫർ ലഭിച്ചു. അവിടെ തുടരുന്നു.

ടാലന്റഡ് ബാങ്കേഴ്സും ധനേഷ് നെച്ചുള്ളിയും. ഊഷ്മളമായ ഇഴയടുക്കത്തിന്റെ ഒളി പകരുന്നു.

എയർഫോഴ്സിൽ നിന്ന് വിരമിച്ച് ബാങ്കിംഗിലേക്കെത്തിച്ചേർന്ന സുഹൃത്തുക്കളിലൂടെ ടീ ബിയെ കണ്ടെത്തുകയായിരുന്നു. കൊറോണകാലത്തെവിരസതയിലെ മരുപ്പച്ചയായി ടീ ബിയുടെ പ്രവർത്തനങ്ങളെ താൻ കണ്ടു. ധനേഷിന്റെ
വാക്കുകളിൽ ടീബിയോടുള്ള പ്രതിബദ്ധത തെളിയുന്നു.

ബാങ്ക് ട്രോൾ ഗ്രൂപ്പിൽ ധനേഷിന്റെ ഭാവനയിൽ വിടർന്ന നിരവധി ട്രോളുകൾ 'ആയിരം കെ' എന്ന ആസ്വാദകപ്പട്ടം നേടി.

കൊല്ലം മീറ്റിലെ പങ്കാളിത്തത്തിലൂടെ ടീബി കുടുംബത്തിലെ ബന്ധങ്ങളുടെ ആഴമറിഞ്ഞു.

കോഴിക്കോട് മീറ്റിന്റെ സാഹിത്യസംരംഭമായി ശ്രദ്ധയാർജിച്ച "തലൈക്കൂത്തലും മറ്റ് കഥകളും" കഥാസമാഹാരത്തിലൂടെ "നിയോഗങ്ങൾ" എന്ന കഥയും പ്രസിദ്ധീകരിച്ചു. മനുഷ്യബന്ധങ്ങളുടെ നിറവുംധന്യതയും പ്രകടമാർന്ന കഥ ശ്രദ്ധേയമാവുകയും ചെയ്തു.

മീറ്റിൽ എസ്. അനുശീലനും സംഘവും അവതരിപ്പിച്ച മെഗാസ്കിറ്റിലൂടെ സ്റ്റേജിനത്തിൽ ധനേഷ് സഹൃദയ ശ്രദ്ധയും നേടി.

ടീ ബി കൂട്ടായ്മയുടെ ശക്തിയും ഊഷ്മളതയും നിലനിറുത്തുന്ന ഊർജ്ജം പകരുന്ന സൗമ്യസാന്നിദ്ധ്യമായി ധനേഷിനെ വിലയിരുത്താം.

'ആരാണ് ടീ ബി' എന്ന ചോദ്യത്തിന് സുദൃഢമായൊരുത്തരം-
ഏവരുടേയും ''ഉള്ളിയേട്ടൻ''

('നെച്ചുള്ളി' കുടുംബപ്പേരാകുന്നു)

''കൊല്ലം മീറ്റിൽ ആളുകളിലേക്ക് ഇടിച്ചു കയറി പരിചയപ്പെടുന്ന ഒരു സാധാരണ മനുഷ്യനായാണ് ആദ്യം ശ്രദ്ധയിൽ വന്നത്. ചെറിയ വാക്കുകളിൽ നർമ്മത്തിൽ പൊതിഞ്ഞ സംസാരം മുഖമുദ്രയാക്കിയ ധനേഷ് നെച്ചുള്ളി ഞങ്ങളുടെ എല്ലാം സ്വന്തം ഉള്ളിയേട്ടൻ ആവാനധികം സമയം വേണ്ടിവന്നില്ല.
സ്വന്തം ജേഷ്ഠസഹോദരനെപോലെ പരിഗണിക്കാനുള്ള മനസും, സ്നേഹപൂർവ്വമായ ഇടപെടലും ഉള്ളിയേട്ടനെ എല്ലാരിലേക്കും അടുപ്പിക്കാൻ ഉള്ള മുഖ്യകാരണങ്ങളിലൊന്നായി കാണുന്നു.
കോഴിക്കോട് മീറ്റിൽ അനുശീലന്റെ നേതൃത്വത്തിൽ നടന്ന മെഗാ ഇവന്റിൽ ആദ്യമായി അദ്ദേഹം സ്റ്റേജിൽ ഡാൻസിലും പങ്കെടുത്തു.
അതിലുപരി TB യുടെ അഭിമാനമായ "തലൈകൂത്തലും മറ്റു കഥകളും" എന്ന പുസ്തകത്തിൽ മനോഹരമായ ഒരു കൃതിയും നെച്ചുള്ളിയുടെ തൂലികയിൽ നിന്നും പിറന്നതാണ്'' - (മുൻകാല ദളമായ സുധി SJ അയച്ചുതന്ന സന്ദേശത്തിൽ നിന്ന്)

സാഹിത്യകൃതികളുടെ പ്രണേതാവായ ധനേഷിന് എഴുത്തിൽ കരുത്താർജ്ജിക്കുവാനുള്ള സ്വപ്നങ്ങളുണ്ട്.

ടീ. ബിയുടെ യുവത്വം കാത്തു സൂക്ഷിക്കാനുള്ള പ്രേരകശക്തിയായും മുന്നിലുണ്ട്.

ധനേഷ്- ഇന്ദിര ദാമ്പത്യവല്ലരിയിൽ വിടർന്ന രണ്ടു പേർ- മകൻ ഗഗൻദേവ് പ്ലസ് ടൂ കോമേഴ്സ് വിദ്യാർത്ഥി. കബഡിയിൽ എറണാകുളം റീജിയനെ പ്രതിനിധീകരിച്ച് ദേശീയതലത്തിൽ മത്സരിച്ച ടീമംഗം.സ്കൂളിലെ നൃത്തപരിപാടികളിലും പങ്കെടുക്കുന്നു. പത്താം തരത്തിൽ പഠിക്കുന്ന മകൾ നക്ഷത്ര യുടെ സർഗ്ഗവാസന പ്രധാനമായും നൃത്തത്തിലാണ്. ഒപ്പം ചിത്രരചന, കേക്ക് നിർമ്മാണം, വായന, യോഗ, കബഡി എന്നിയിലും താത്പര്യപൂർവം പങ്കെടുക്കുന്നുണ്ട്. രണ്ടുപേരും കഞ്ചിക്കോട് കേന്ദ്രീയവിദ്യാലയത്തിലാണ് പഠനം.

ശ്രീമതി ഇന്ദിര (ഇന്ദു) പാലക്കാട് കർണക സീനിയർ ബേസിക് സ്കൂളിലെ അദ്ധ്യാപനത്തിന്റെ മാതൃകയായും ഒപ്പം ഹോബിയായി തുന്നലിലൂടെയും വിസ്മയം തീർക്കുന്നു. സ്വന്തം വസ്ത്രങ്ങളും സഹോദരിമാരുടെ വസ്ത്രങ്ങളും ഇവിടെ ഭദ്രം. കുക്കിംഗിലെ വൈവിദ്ധ്യതകൊണ്ടും ഇന്ദുഗേഹം സമൃദ്ധം.

മാതാപിതാക്കളിപ്പോൾ ജ്യേഷ്ഠൻ വിനയൻ നെച്ചുള്ളി (ഒറ്റപ്പാലം

മുനിസിപ്പാലിറ്റിയിൽ ഉദ്യോഗസ്ഥനാണ്) യോടൊപ്പം താമസിക്കുന്നു. ഏവരും ഒത്തുകൂടുമ്പോൾ പുലാപ്പറ്റ ഗ്രാമശോഭയുടെ വർണ്ണമാലകളുയുരും-

ധനേഷിന്റെ സർഗ്ഗവാസനകൾ പുതുശ്രേണികളിലൂടെ വിടരട്ടെ.

ആശംസകളോടെ

ടാലന്റഡ് ബാങ്കേഴ്സ്

----------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

------------------------------------------------------------------------------------------------

"Who is TB?" Many of us would have heard this question at various occasions... We have an answer here; one self-intro that caught the attention of all during the covid period. It is none other than,

Dhanesh.N
(Dhanesh Nechulli)
Canara Bank
Kanjikode Branch, Palakkad

He is indebted to the Indian Air Force for all the happiness and beauty of his present life. He was born in the Pullapatta village of Palakkad as the second son of Shri. Narayana Guptan and Smt. Kunjilakshmi. Their main source of income was agriculture; they adjusted between rice and seasonal crops like pepper and cashews. He spent his school years in the Pullapatta West A.L.P School, C.U.P School, and then Kadambazhippuram High School where he went walking 6 km from home. He passed out of 10th grade in 1990-91 with distinction and joined the Palakkad Polytechnic for a Diploma in Instrument Technology. He found his friends in books during this time.

His first stage performance was during his primary school days when he portrayed a lame boy alongside his father and brother in a village drama conducted in his school. His mother participated in the Thiruvathirakali and the program was a grand success. He has also participated in the Oppana Boys while at the Polytechnic College.

Right after the Polytechnic Examination, he noticed the advertisement of the Indian Air Force Recruitment. By the time he wrote the exam at Kochi and completed his fitness test, the Diploma results were out too. Thus on 17.01.1995, he joyously joined the Indian Air Force as an Air Defence System Operator. He worked in various locations - Gujarat, Rajasthan, Jammu Kashmir, Coimbatore(Suloor), Delhi - for 20 years and retired in 2015. He served in the main operational fields during this tenure. He spent leisure time reading and participating in cultural events with his colleagues. He married Smt. Indira while working at Jammu in 2004, and this helped Indira earn her B.Ed from the Jammu University. She returned to Palakkad in 2010 to secure a job at an Aided school there.

On returning home in 2015, he wrote many IBPS and insurance examinations and worked as Thrissur's HVAC Training Institute Centre Head. In July 2016, he joined the Syndicate Bank in the clerical cadre and got posted at their Kannur Chalad Branch. In August 2021, he was transferred to the Kanjikkode Branch, Palakkad where he is still working.

He was introduced to Talented Bankers through his friends who joined banks after their Air Force career. He saw our group as a respite from the boredom that accompanied Corona. His contributions to the Bank Troll Group reached the 1K stage many times over. He realized the depth of TB's friendship through our Kollam meet. His story "Niyogangal" which was published in the "Thalaikuthalum mattu kadhakalum" collection released at the Kozhikode Meet reflected the colour of emotions that embrace human relationships. He also took the audience to awe with his performance at the Mega skit of Anuseelan and the team.

Dhanesh strengthens the strength and team spirit of our TB through his effervescent presence. "Ulliyettan" as he is lovingly known, is the answer to "Who is TB?"!
Our TB Sudhy S J says it took hardly any time for the humorous man who took the initiative to speak to every TB attending the Kollam Meet to become their "Ulliyettan". The main reason is his loving nature.

His love for literary works prompts him to dream of being a writer. His son Gagandev is a Plus Two (Commerce) student who represented the Ernakulam Region in the National Kabbadi Championship. He is also a talented dancer. His daughter Nakshatra is in the 10th grade and is fond of dancing, in addition to drawing, cake baking, reading, yoga, and kabbadi. They are both in the Kanjikkode Kendriya Vidyalaya. Smt. Indira(Indu) stitches her dresses and those of her sisters as a hobby. She cooks well too! (We would have to try that before agreeing... 😏😀) His parents are presently staying with his brother Vinayan Nechulli who works in the Palakkad Municipality. It is pure merriment when all the family members gather together in the little village.

We wish Dhanesh all the very best in honing his talents and skills, and can't wait to see what performance he has in store for us at the Kottayam Meet!